നമ്പർ സി3/120754/2015
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്
കേരള, തിരുവനന്തപുരം.
തീയതി.30 .07.2015

# സർക്കുലർ നം.29/2015

വിഷയം: പോലീസ് ആസ്ഥാനത്ത് ഒരു സർവ്വീസ് ഹെൽപ്പ് ഡസ്ക് പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച്

പോലീസ് ആസ്ഥാനത്ത് ഒരു സർവ്വീസ് ഹെൽപ്പ് ഡസ്ക് സേവനം ആരംഭിച്ചിരിക്കുന്നു. ആയതിന്റെ ടെലിഫോൺ നമ്പറുകൾ താഴെ കൊടുത്തിരിക്കുന്നു.

1. 9497981338
2. 9497981339

ടി സംവിധാനത്തിലൂടെ സംസ്ഥാന പോലീസ് സേനയിലെ എല്ലാ ജീവനക്കാർക്കും പോലീസ് ആസ്ഥാനത്തു നിന്നും അറിയേണ്ടുന്ന ഔദ്യോഗിക വിവരങ്ങൾക്കും അതു പോലെ സർവ്വീസ് സംബന്ധമായ പരാതികളുടെ തത്സ്ഥിതിയെക്കുറിച്ചും, തീർപ്പിനെക്കുറിച്ചും തുടർനടപടികളെക്കുറിച്ചും മേൽക്കാണിച്ചിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് വിവരങ്ങൾ അറിയാവുന്നതാണ്. അന്വേഷിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും ശേഖരിച്ച് താമസംവിനാ പരാതിക്കാരനെ അറിയിക്കുന്നതാണ്. ടി സംവിധാനം അവധി ദിവസങ്ങൾ ഒഴികെ എല്ലാ ദിവസവും രാവിലെ 10.30 മണി മുതൽ വൈകുന്നേരം 5 മണി വരെ പ്രവർത്തിക്കുന്നതാണ്. അനാവശ്യമായി ഉദ്യോഗസ്ഥർ പോലീസ് ആസ്ഥാനത്തെ സെക്ഷനുകളിൽ കയറിയിറങ്ങി അന്വേഷണം നടത്തുന്നത് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഈ സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. ആവശ്യമുള്ള എല്ലാ ജീവനക്കാരും ടി സേവനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് താല്പര്യപ്പെടുന്നു.

(ഒപ്പ്)
സംസ്ഥാന പോലീസ് മേധാവി

പകർപ്പ് : എല്ലാ ലിസ്റ്റ് ബിയിലെ ആഫീസർമാർക്കും
ടി സർക്കുലർ അതാത് യൂണിറ്റിലെ എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതും കൂടാതെ എല്ലാ പേരുടേയും ശ്രദ്ധയിൽപ്പെടുത്തുന്ന തരത്തിൽ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

" : പി.എച്ച്.ക്യൂവിലെ എല്ലാ സി.എ.മാർക്കും അറിവിലേക്കായി

" : മാനേജർ, അക്കൗണ്ട്സ് ഓഫീസർ, എല്ലാ സീനിയർ/ജൂനിയർ സൂപ്രണ്ടുമാർക്കും, ഡെപ്യൂട്ടി ഡയറക്ടർ, പബ്ലിക് ഇൻഫോർമേഷൻ സെന്റർ അറിവിലേക്കായി

" : എല്ലാ സെക്ഷനുകളിലും അറിവിലേക്കായി

" : എ.ഡി.ജി.പി, എസ്.സി.ആർ.ബി, വെബ്സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതിലേക്കായി
സ്റ്റാഫ് ഓഫീസർക്ക് അറിവിലേക്കായി

//അംഗീകാരത്തോടെ//

മാനേജർ പി.എച്ച്.ക്യൂ

THI. 1230
31/7/15